ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, മുള്ളൂർക്കര, ചേലക്കര എന്നീ സ്ഥലങ്ങളിൽ രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകൾ നിർമ്മിക്കാൻ 31-5-2001-ൽ മെസ്സേഴ്സ്. ഐക്കോൺ എന്ന കമ്പനിക്ക് Turnkey ടെന്റർ നൽകുകയുണ്ടായി. 6 മാസംകൊണ്ട് പണി തീർക്കണമെന്നാണ് കമ്പനിയോട് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ ആ കമ്പനി യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. അങ്ങനെ വന്നപ്പോൾ ആ കമ്പനിയെ കാൻസൽ ചെയ്യാനും ആ രണ്ട് സബ്സ്റ്റേഷനുകളും അടിയന്തിരമായി പ്രവർത്തിപ്പിക്കാനും വേണ്ടിയുള്ള നടപടി ബോർഡ് കൈക്കൊണ്ടിട്ടുണ്ട്. അതിന് സ്ഥലം വേണം. സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടി ബോർഡ് ചെയർമാൻ തന്നെ സ്ഥലത്തുപോയി രണ്ടു സ്ഥലവും ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. കളക്ടർ ചെയർമാനും, ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറും ഡെപ്യൂട്ടി ചീഫ് എൻജിനീയറും അംഗങ്ങളായിട്ടുള്ള കമ്മിറ്റിയോട് ഐഡന്റിഫൈ ചെയ്ത സ്ഥലം നെഗോഷ്യേറ്റേഡ് പർച്ചേസ് നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതുടനെതന്നെ ചെയ്യും. ഇതുപോലെ കരാർ കൊടുത്ത പല സ്ഥലങ്ങളിലും ഇത്തരത്തിലുള്ള കമ്പനികൾ വർക്ക് ചെയ്യുന്നില്ല. അതെല്ലാം കാൻസൽ ചെയ്യാനാണ് ഗവണ്മെന്റ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളത്. ബോർഡിന്റെ വർക്കായി അതെല്ലാം അടിയന്തിരമായി ചെയ്ത് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ എം. എൽ. എ. യുടെ കാലഘട്ടത്തിൽ തന്നെ അതിന്റെ ഉദ്ഘാടനം നടത്തുന്ന രൂപത്തിലാണ് ബോർഡ് ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കുന്നത്.

(9) റോഡ് കയ്യേറ്റം

ശ്രീ. ജോണി നെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രധാനപ്പെട്ട റോഡുകളും റോഡ് പുറമ്പോക്കുമൊക്കെ കയ്യേറി സ്വകാര്യ വ്യക്തികളും, രാഷ്ട്രീയ പാർട്ടികളും, സംഘടനകളും, കൊടിമരം പാർട്ടി ഓഫീസുകൾ, പരസ്യ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ഗതാഗതം തടസ്സപ്പെടുത്തുന്ന സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ പ്രതിമകളും സ്ഥാപിക്കുന്നുണ്ട്. ഇത് കേരളത്തിൽ എവിടെ പോയാലും കാണാൻ കഴിയുന്ന ഒരു സ്ഥിതി വിശേഷമാണ്. മാറിമാറി വരുന്ന ഗവൺമെന്റുകൾ ഇതൊഴിപ്പിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഫലപ്രദമായി ഇത് ഒഴിപ്പിക്കുകയോ, കൊടിമരങ്ങൾ, പാർട്ടി ഓഫീസുകൾ മറ്റ് മത സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയൊന്നും മാറ്റുകയോ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേരളത്തിലെ രാഷ്ട്രീയ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കളുടെ ഒരു യോഗം തന്നെ വിളിച്ചുകൂട്ടി ഈ പ്രവണത ഒരിക്കലും ആവർത്തിക്കരുതെന്ന് അവരോട് ആവശ്യപ്പെടുവാൻ അടിയന്തിരമായി നിർദ്ദേശം കൊടുത്തുകൊണ്ട് ഈ റോഡ് പുറമ്പോക്ക് കയ്യേറുന്ന അല്ലെങ്കിൽ ഈ റോഡ് കയ്യേറുന്ന അവസ്ഥ ഒഴിവാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നാണ്.

മരാമത്ത് വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*: സർ, സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും റോഡിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതുമൂലം റോഡ് വികസനം തടസ്സപ്പെടുകയും അപകടങ്ങളുണ്ടാവുകയും ചെയ്യുന്നുണ്ട്. റോഡിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുമുമ്പ് പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും അനുവാദം വാങ്ങണമെന്നുണ്ട്. Kerala Highway Protection Act അനുസരിച്ച് കേരളത്തിലെ ദേശീയ പാതകളിലും സംസ്ഥാന പാതകളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളും കയ്യേറ്റങ്ങളും നിയന്ത്രിച്ചുവരുന്നുണ്ട്. ആ കാര്യത്തിൽ പൊതുജന ബോധവൽക്കരണം നടത്തേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിൽ കോടതി ഇടപെടലുകളുണ്ടാകുമ്പോൾ അവ പരിഹരിക്കുന്നതിന് അപ്പപ്പോൾ നടപടികൾ സ്വീകരിക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ബോർഡുകൾ സ്ഥാപിക്കുന്നതിലും കയ്യേറ്റം തടയുന്നതിലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അനധികൃത ബോർഡുകൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനും കയ്യേറ്റങ്ങളുണ്ടായാൽ അവ ഒഴിപ്പിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പലപ്പോഴും രാഷ്ട്രീയ പ്രസ്ഥാനങ്ങളൊക്കെയാണ് കൊടിമരങ്ങളും മറ്റും സ്ഥാപിച്ച് റോഡ് കയ്യേറുന്നത്. എല്ലാ നിലയിലും റോഡിലാണ് ഇപ്പോൾ പല കാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. ചില സമയത്ത് സ്റ്റേജ് കെട്ടുന്നതുപോലും റോഡിന്റെ നടുവിൽ, റോഡിൽ കുഴിയുണ്ടാക്കി അവിടെ സ്റ്റേജ് കെട്ടുന്ന ഒരു പ്രവണതയുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെ ഇതിന് മാതൃകയാകേണ്ടതാണ്. അതുകൊണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കളുമായി ആലോചിച്ച് ഇതിലൊരു പൊതു ധാരണയുണ്ടാക്കി ഇത്തരം സന്ദർഭങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതെ നിൽക്കുന്ന ഒരു സാഹചര്യമുണ്ടാക്കി ഈ കൊടിമരങ്ങളും റോഡിൽനിന്ന് മുന്നോട്ടു തള്ളിനിൽക്കുന്ന പാർട്ടി ഓഫീസുകളടക്കമുള്ള കാര്യങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly